# വാഴക്കുല

ചങ്ങമ്പുഴ കൃഷ്ണപിള്ള

# വാഴക്കല

ഖണ്ഡകാവ്യം

## ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

താളിളക്കം

2020

| | |
|---|---|
| പേര്: | **വാഴക്കല** |
| ഭാഷ | മലയാളം |
| വിഭാഗം: | ഖണ്ഡകാവ്യം |
| രചന: | ചങ്ങമ്പുഴ കൃഷ്ണപ്പിള്ള |
| പ്രസാധകർ: | **താളിളക്കം** |
| | ഡിസംബർ 2020 |
| Layout Design: | പ്രവീൺ വർമ്മ |
| Copyleft: | |

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

# വാഴക്കല – ഖണ്ഡകാവ്യം

**ചങ്ങമ്പുഴ കൃഷ്ണപിള്ള**

മലയാപ്പുലയനാ മാടത്തിൻമുറ്റത്തു
മഴ വന്ന നാളൊരു വാഴ നട്ടു.
മനതാരിലാശകൾപോലതിലോരോരോ
മരതകക്കൂമ്പു പൊടിച്ചുവന്നു.

അരുമക്കിടാങ്ങളിലൊന്നായതിനേയു-
മഴകിപ്പുലക്കള്ളിയോമനിച്ചു.
മഴയെല്ലാം പോയപ്പോൾ, മാനം തെളിഞ്ഞപ്പോൾ
മലയൻറെ മാടത്ത പാട്ടുപാടി.

മരമെല്ലാം പൂത്തപ്പോൾ ,കുളിർകാറ്റു വന്നപ്പോൾ
മലയൻറെ മാടവും പൂക്കൾ ചൂടി.
വയലിൽ വിരിപ്പൂ വിതയ്ക്കേണ്ട കാലമായ്
വളരെ പ്പണിപ്പാട്ടു വന്നു കൂടി.

ഉഴുകുവാൻ രാവിലെ പോകും മലയനു-
മഴകിയും-പോരുമ്പോളന്തിയാവും.
ചെറുവാഴത്തയ്യിനു വെള്ളമൊഴിക്കുവാൻ
മറവിപറ്റാറില്ലവർക്കു ചെറ്റും,

അനുദിനമങ്ങനെ ശുശ്രൂഷചെയ്കയാ-
ലതുവേഗവേഗം വളർന്നുവന്നു;
അജപാലബാലനിൽ ഗ്രാമീണബാലത-
ന്നനുരാഗകന്ദളമെന്നപോലെ!

പകലൊക്കെപ്പൈതങ്ങളാ വാഴത്തൈത്തണൽ-
പ്പുരവതാനിക്കുമേൽ ചെന്നിരിക്കും.
പൊരിയും വയറുമായുച്ചക്കൊടുംവെയിൽ
ചൊരിയുമ്പോ,ഴുതപ്പുലാക്കിടങ്ങൾ,

അവിടെയിരുന്നു കളിപ്പതു കാൺകി, ലേ-
തലിയാത്ത ഹൃത്തുമലിഞ്ഞു പോകും!
കരയും ചിരിക്കു,മിടയ്ക്കിടെ ത്തമ്മിലാ-
'ക്കരുമാടിക്കുട്ടന്മാർ' മല്ലടിക്കും!

അതു കാൺകെ പ്പൊരിവെയിലിൻ ഹൃദയത്തിൽ ക്കൂടിയു-
മലിവിൻറെ നനവൊരു നിഴൽ വിരിക്കും!
അവശന്മാ,രാർത്തന്മാ,രാലംബഹീനന്മാ-
രവരുടെസങ്കടമാരറിയാൻ?

അവരർദ്ധനഗ്നന്മാ,രാതപമഗ്നമാ-
രവരുടെ പട്ടിണിയെന്നു തീരാൻ?
അവരാർദ്രചിത്തന്മാ,രപഹാസപാത്രങ്ങ-
ളവരുടെ ദുരിതങ്ങളെങ്ങൊടുങ്ങാൻ?

ഇടതിങ്ങിനിറയുന്ന നിയമങ്ങൾ, നീതിക-
ളിടമില്ലവർക്കൊന്നു കാലുകുത്താൻ !
ഇടറുന്ന കഴൽവയ്പ്പൊട്ടുഴറിക്കുതിക്കയാ-
ണിടയില്ല ലോകത്തിനിവരെ നോക്കാൻ.

ഉമിനീരിറക്കാതപ്പാവങ്ങൾ ചാവുമ്പോ-
ളുദകക്രിയപോലും ചെയ്യിടേണ്ട.
മദമത്തവിത്തപ്രതാപമേ, നീ നിൻറെ
മദിരോത്സവങ്ങളിൽ പങ്കുകൊള്ളൂ!

പറയുന്ന മാതേവൻ- " ഈ ഞാലിപ്പൂവൻറെ
പഴമെത്ര സാദോള്ളതായിരിക്കും !"
പരിചോ, ടനുജൻറെ വാക്കിൽ ചിരി വന്ന
പരിഹാസഭാവത്തിൽ തേവനോതി:

"കൊലവരാറായി, ല്ലതിനുമുമ്പേതന്നെ
കൊതിയൻറെ നാക്കത്തു വെള്ളം വന്നു!"
പരിഭവിച്ചീടുന്ന നീലി :"അന്നച്ചന-

തരി വാങ്ങാൻ വല്ലോർക്കും വെട്ടി വിക്കും."

"കരുനാക്കുകൊണ്ടൊന്നും പറയാതെടി മൂശേട്ടെ!"
കരുവള്ളോൻ കോപിച്ചോരാജ്ഞ നൽകി!
അതു കേ, ട്ടെഴുന്നേറ്റു ദൂരത്തു മാറിനി-
ന്നവനെയവളൊന്നു ശൂണ്ടി കൂട്ടി

"പഴമായാ നിങ്ങളെക്കാണാണ്ടെ സൂത്രത്തി-
പ്പകുതീം ഞാനൊററയ്ക്കു കട്ടു തിന്നും!"
"അതു കാണാ,മുവ്വടീ ചൂരപ്പഴാ നെന-
ക്കതിമോഹമേറെക്കടന്നുപോയോ!

ദൂരമൂത്ത മറുതേ, നിൻതൊടയിലെത്തൊലിയന്നി-
ക്കരുവള്ളോനരിയണോരുരിയൽ കണ്ടോ!.."
ഇതു വിധം നിത്യമാ വാഴച്ചുവട്ടി,ല -
ക്കൊതിയസമാജം നടന്നു വന്നു.

കഴിവതും വേഗം കുലയ്ക്കണ,മെന്നുള്ളിൽ-
ക്കരുതിയിരിക്കുമാ വാഴപോലും!
അവരുടെയാഗ്രഹമത്രയ്ക്കുഗാഢവു-
മനുകമ്പനീയവുമായിരുന്നു!

ഒരു ദിനം വാഴകുലച്ചതു കാരണം
തിരുവോണം വന്നു പുലക്കുടിലിൽ,
കലഹിക്കാൻ പോയില്ല പിന്നീടോരിക്കലും
കരുവള്ളോൻ നീലിയോടെന്തുകൊണ്ടോ!

അവളൊരുകള്ളിയാ,ണാരുമറിഞ്ഞിടാ-
തറിയാമവൾക്കെന്തും കട്ടുതിന്നാൻ.
അതുകൊണ്ടവളോടു സേവകൂടീടുകി-
ലവനുമതിലൊരു പങ്കു കിട്ടാം .

കരുവള്ളോൻ നീലിതൻ പ്രാണനായ്,

മാതെവൻ കഴിവതും കേളനെ പ്രീതനാക്കി.
നിഴൽ നീങ്ങി നിമിഷത്തിൽ നിറനിലാവോതുന്ന
നിലയല്ലോനിർമ്മല ബാല്യകാലം !

അരുമക്കിടാങ്ങൾതന്നാനന്ദം കാൺകയാ-
ലഴകിക്കു ചിത്തം നിറഞ്ഞു പോയി.
കുല മൂത്തു വെട്ടിപ്പഴുപ്പിച്ചെടുക്കുവാൻ
മലയനുമുള്ളിൽ തിടുക്കമായി.

അവരോമൽപ്പൈതങ്ങൾക്കങ്ങനെയെങ്കിലു-
മവനൊരു സമ്മാനമേകാമല്ലോ.
അരുതവനെല്ലുനുറുങ്ങി യത്നിക്കിലു-
മരവയർക്കഞ്ഞിയവർക്കു നൽകാൻ,

ഉടയോൻറെ മേടയി,ലുണ്ണികൾ പഞ്ചാര-
ച്ചുടുപാലടയുണ്ടു റങ്ങിടുമ്പോൾ,
അവനുടെ കണ്മണിക്കുഞ്ഞുങ്ങൾ പട്ടിണി-
ക്കലയണമുച്ചക്കൊടുംവെയിലിൽ!

അവരുടെ തൊണ്ടനനയ്ക്കുവാനുള്ളതെ-
ന്തയലത്തെ മേട്ടിലെത്തോട്ടുവെള്ളം!
കനിവറ്റ ലോകമേ, നീ നിൻറെ ഭാവനാ-
കനകവിമാനത്തിൽ സഞ്ചരിക്കു,

മുഴുമതി പെയ്യുമപ്പൂനിലാവേറ്റുകൊ-
ണ്ടഴകിനെത്തേടിയലഞ്ഞുകൊള്ളൂ,
പ്രണയത്തിൽ കൽപ്പകത്തോപ്പിലെ,
പ്പച്ചില - ത്തണലിലിരുന്നു കിനാവുകാണൂ.

ഇടനെഞ്ഞു പൊട്ടി, യീ പ്പാവങ്ങളിങ്ങനെ-
യിവിടെക്കിടന്നു തുലഞ്ഞിടട്ടെ.
അവർതൻ തലയോടുകൾ കൊണ്ടു വിത്തേശ്വര-
രരമന കെട്ടിപ്പടുത്തിടട്ടെ.

അവരുടെ ഹൃദ്രക്തമൂറ്റിക്കുടിച്ചവ-
രവകാശഗർവ്വം നടിച്ചിടട്ടെ.
ഇവയൊന്നും നോക്കേണ്ട,കാണേണ്ട,
നീ നിൻറെ പവിഴപ്പൂങ്കാവിലലഞ്ഞുകൊള്ളൂ !

മലയനാ വാഴയെ സ്പർശിച്ച മാത്രയിൽ
മനതാരിൽ നിന്നൊരിടി മുഴങ്ങി.
അതിനുടെ മാറ്റൊലി ചക്രവാളം തകർ-
ത്തലറുന്ന മട്ടിലവനു തോന്നി.

പകലിൻറെ കുടൽമാലച്ചുട്ടുചോരത്തെളി കുടി-
ച്ചകലത്തിലമരുന്നിതന്തിമാർക്കൻ!
ഒരു മരപ്പാവപോൽ നിലകൊള്ളും മലയനി-
ല്ലൊരുതുള്ളി രക്തമക്കവിളിലെങ്ങും !

അനുമാത്രം പൊള്ളുകയാണവനാത്മാവൊ-
രസഹനീയാതപജ്ജ്വാല മൂലം!
അമിതസന്തുഷ്ടിയാൽ തുള്ളിക്കളിക്കയാ-
ണരുമക്കിടാങ്ങൾ തൻ ചുറ്റുമായി; ഇലപോയി,

തൊലി പോയി,മുരടിച്ചോരിലവിനെ
വലയം ചെയ്തുലയുന്ന ലതകൾ പോലെ.
അവരുടെ മിന്നിവിടർന്നൊരക്കണ്ണുക -
ളുരുതവനങ്ങനെ നോക്കി നിൽക്കാൻ .

അവരുടെ കൈകൊട്ടിപ്പൊട്ടിച്ചിരിക്കൽ ക-
ണ്ടവനന്തരംഗം തകർന്നു പോയി.
കുല വെട്ടാൻ കത്തിയുയർത്തിയ കൈയ്യുകൾ
നിലവിട്ടു വാടിത്തളർന്നു പോയി.

കരുവള്ളോൻ നീലിക്കൊരുമ്മ കൊടുക്കുന്നു,

കരളിൽ തുളുമ്പും കുതൂഹലത്താൽ.
അവളറിയാതുടനസിതാധരത്തിൽ നി-
ന്നവിടെങ്ങുമുതിരുന്നു മുല്ലപ്പൂക്കൾ.

മലയൻറെ കണ്ണിൽ നിന്നിറ്റിറ്റു വീഴുന്നു
ചിലകണ്ണീർക്കണികകൾ പൂഴിമണ്ണിൽ .
അണുപോലും ചലനമറ്റമരുന്നിതവശരാ
യരികത്തുമകലത്തും തരുനിരകൾ!

സരസമായ് മാതേവൻ കേളൻറെ തോളത്തു
വിരൽത്തട്ടിത്താളം പിടിച്ചു നിൽപ്പൂ.
അണിയിട്ടിട്ടനുമാത്രം വികസിക്കും കിരണങ്ങ-
ളണിയുന്നു കേളൻറെ കടമിഴികൾ!

ഇരുൾ വന്നു മൂടുന്ന മലയൻറെ കൺമുമ്പി,-
ലിടറുന്ന കാലുകളെന്തു ചെയ്യും ?
കുതിരുന്നു മുന്നിലത്തിമിരവും കുരുതിയിൽ
ചതിവീശും വിഷവായു തിരയടിപ്പൂ!

അഴകി,യാ മാടത്തി,ലേങ്ങലടിച്ചടി-
ച്ചുഴലുകയാ,ണിതിനെന്തു ബന്ധം ?..
കുല വെട്ടി!-മോഹിച്ചു,മോഹിച്ചു,ലാളിച്ച
കുതുകത്തിൻ പച്ചക്കഴുത്തു വെട്ടി!-

കുല വെട്ടി!- ശൈശവോല്ലാസ കപോതത്തിൻ
കുളിരൊളിപ്പൂവൽ ക്കഴുത്തു വെട്ടി!-
തെരുതെരെക്കൈകൊട്ടിത്തുള്ളിക്കളിക്കുന്നു
പരമസന്തുഷ്ടരായ്ക്കുഞ്ഞുമണികൾ.

ഒരു വെറും പ്രേതം കണക്കതാ മേൽക്കുമേൽ
മലയൻറെ വക്ത്രം വിളർത്തു പോയി!
കുലതോളിലേന്തിപ്രതിമയെപ്പോലവൻ
കുറെനേരമങ്ങനെ നിന്നുപോയി!

അഴിമതി, യക്രമ, മത്യന്ത രൂക്ഷമാ-
മപരാധം , നിശിതമാമശനീപാതം!
കളവെന്തന്നറിയാത്ത പാവങ്ങൾ പൈതങ്ങൾ
കനിവറ്റലോകം കപട ലോകം !

നിസ്സ്വാർത്ഥസേവനം. നിർദ്ദയ മർദ്ദനം
നിസ്സഹായത്വം, ഹാ, നിത്യ ദുഃഖം!
നിഹതനിരാശാതിമിരം ഭയങ്കരം !
നിരുപാധികോഗ്രനിയമഭാരം !-

ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ
പതിതരെ നിങ്ങൾ തൻ പിന്മുറക്കാർ?
കുല തോളിലേന്തി പ്രതിമപോലങ്ങനെ
മലയനാ മുറ്റത്തു നിന്നു പോയി.

അരുത,വനൊച്ച പൊങ്ങുന്നതില്ല ,ക്കരൾ
തെരുതെരെപ്പേർത്തും തുടിപ്പു മേന്മേൽ !
ഒരു വിധം ഗദ്ഗദം ഞെക്കിഞെരുക്കിയ
കുറെയക്ഷരങ്ങൾ തെറിപ്പൂകാറ്റിൽ: ”

കരയാതെ മക്കളെ..കൽപ്പിച്ചു..തമ്പിരാൻ ..
ഒരു വാഴ വേറെ ...ഞാൻ കൊണ്ടു പോട്ടെ !”
മലയൻ നടക്കുന്നു – നടക്കുന്നു മാടത്തി-
ലലയും മുറയും നിലവിളിയും !

അവശന്മാ,രാർത്തന്മാ,രാലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാൻ?
പണമുള്ളോർ നിർമിച്ച നീതിക്കിതിലൊന്നും
പറയുവാനില്ലേ?-ഞാൻ പിൻവലിച്ചു !...

പ്രസാധകർ
താളിളക്കം